വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ സേവന കേന്ദ്രമാണ് ഗ്രാമകേന്ദ്രം/സേവാകേന്ദ്രം. വാർഡ് വികസന സമിതി കുടുംബശ്രീ അംഗത്വമുള്ള, യോഗ്യയായ ഒരു വ്യക്തിയെയാണ് ഫെസിലിറ്റേറ്ററായി നിയമിക്കുന്നത്. ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്റർ എ.ഡി.എസ്സിന്റെ സഹായത്തോടെ ഗ്രാമസഭാ പ്രവർത്തനങ്ങളും വാർഡ് വികസന സമിതി പ്രവർത്തനങ്ങളും സുഗമമാക്കുകയും പഞ്ചായത്തുകളുടെ നികുതി പിരിവ് തുടങ്ങിയ ചുമതലകളിൽ സഹായിക്കുകയും ചെയ്യുന്നു. കുടുംബശ്രീ അംഗമോ അവരുടെ കുടുംബാംഗമോ ആയ എസ്.എസ്.എൽ.സി.-യും ഡി.സി.എ.-യും യോഗ്യതയുള്ള 18 -നും 45 -നും മധ്യേ പ്രായമുള്ള 3 പേരെ കുടുംബശ്രീ സി.ഡി.എസ്സ്. നിർദ്ദേശിക്കുകയും വാർഡ് കൗൺസിലറുമായി ആലോചിച്ച് ഒരു വ്യക്തിയെ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിക്കുകയുമാണ് ചെയ്യുന്നത്. ഇവർക്ക് പ്രതിമാസം 1,000 രൂപ ഓണറേറിയമായി നൽകുന്നതാണ്. 6-2-2015-ലെ 55847/ഐഎ 1/14/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സേവാഗ്രാം പ്രവർത്തകരുടെ ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുബന്ധം - II ചേർത്തിരിക്കുന്നു.*

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം**

**26 (*146)** ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കേണ്ട കെട്ടിട നികുതിയിൽ കുറവ് വരുത്തിയതുകൊണ്ട് അവയുടെ വരുമാനം കുറഞ്ഞതു സംബന്ധിച്ച് വില യിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് കെട്ടിടനികുതിയിൽ മുൻനിശ്ചയിച്ച പ്രകാരം ലഭിക്കുമായിരുന്ന വരവിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെട്ടിട നികുതിയിൽ കുറവ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെട്ടിട നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വസ്തുനികുതി ചുമത്തൽ പൂർത്തിയാക്കിയതിനുശേഷമുള്ള നികുതി ശേഖരണ കണക്കുകൾ പരിശോധിക്കുമ്പോഴേ ഈ ഇനത്തിൽ വരുമാനം കുറഞ്ഞുവോയെന്നു വിലയിരുത്തൽ നടത്താൻ കഴിയൂ. പരിഷ്കരണം പൂർണ്ണമായിട്ടില്ല.

(ബി&സി) കെട്ടിട നികുതി ഉൾപ്പെടെയുള്ള തനത് വരുമാനത്തിൽ നിന്നുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിട നികുതിയിലുള്ള വരുമാനത്തിന്റെ കണക്കുകൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് സാധാരണയായി സംസ്ഥാന ധനകാര്യ കമ്മീഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന ബജറ്റ് വിഹിതത്തെ സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുക.

**തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ്**

27 (*147) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly